(സി) അപേക്ഷകളൊന്നും ആവശ്യപ്പെട്ടിട്ടില്ല.

(ഡി) അന്തിമമായി തീരുമാനിച്ചിട്ടില്ല.

(ഇ) ഇല്ല. നിലവിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്കാണ് അംഗീകാരം നൽകാറുള്ളത്.

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ

157 [740] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് വർഷത്തിൽ അധികമായി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അംഗീകാരത്തിന്റെ മാനദണ്ഡങ്ങളും ഉപാധികളുമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) എയ്ഡഡ് സ്കൂളിലേതുപോലെ ടീച്ചിംഗ്; നോൺ ടീച്ചിംഗ് സ്റ്റാഫിന് ശമ്പളം നൽകാൻ തയ്യാറാവുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് അഞ്ച് വർഷത്തിലധികമായി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ സർക്കാർ അന്തിമമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) അൺ എയ്ഡഡ് സ്കൂളുകളിലെ സ്റ്റാഫിന് സർക്കാർ ശമ്പളം നൽകാൻ ഉദ്ദേശമില്ല.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനെ സംബന്ധിച്ച്

158 [741] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*
,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

GPM. 2/574/2012—24

LIBRARY ARCHIVES Kerala Legislative Assembly